കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B1/152/2022-SEC തീയതി: **24/06/2022**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ഗ്രാമ പഞ്ചായത്ത് വരണാധികാരികൾക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് വരണാധികാരികൾക്കും
എല്ലാ ജില്ലാ പഞ്ചായത്ത് വരണാധികാരികൾക്കും

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് -സ്ഥാനാർത്ഥികളുടെ നിക്ഷേപ തുക വർദ്ധിപ്പിച്ചത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 22.05.2022 ലെ സ.ഉ (അ) നമ്പർ 46/2022/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം (അസാധാരണ ഗസറ്റ് നമ്പർ 2005, തീയതി 17.06.2022).

സംസ്ഥാനത്തെ ഒരു ഗ്രാമപഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ ഒരു നിയോജകമണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പിന്റെ കാര്യത്തിന് വേണ്ടി ഒരു സ്ഥാനാർത്ഥി കെട്ടിവയ്ക്കുകയോ കെട്ടി വയ്പിക്കുകയോ ചെയ്യേണ്ട നിക്ഷേപതുക യഥാക്രമം ആയിരം രൂപയും രണ്ടായിരം രൂപയും മൂവായിരം രൂപയുമായിരുന്നു. അവ ഗ്രാമപഞ്ചായത്തിൽ രണ്ടായിരം രൂപയായും ബ്ലോക്ക് പഞ്ചായത്തിൽ നാലായിരം രൂപയായും ജില്ലാ പഞ്ചായത്തിൽ അയ്യായിരം രൂപയുമായി സർക്കാർ സൂചനയിലെ വിജ്ഞാപന പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവയ്ക്കേണ്ട തുക മേൽപ്പറഞ്ഞ വർദ്ധിപ്പിച്ച തുകയുടെ അൻപത് ശതമാനമാണ്.

2022 ജൂലൈ 21 മുതൽ നടക്കുന്ന തിരഞ്ഞെടുപ്പുകൾക്ക് മേൽപ്പറഞ്ഞ വർദ്ധിപ്പിച്ച നിക്ഷേപതുക ബാധകമായിരിക്കും

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by A SANTHOSH
Date: 2022.06.24 16:22:33 IST
Reason: Approved

**A.SANTHOSH**
**SECRETARY**

പകർപ്പ്:-

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും (അറിവിലേയ്ക്കും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടികളക്ടർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ഉപവരണാധികാരികൾക്കും

എല്ലാ ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

പി.ആർ.ഒ, സം.തി.ക (പത്രക്കുറിപ്പ് നൽകുന്നതിനായി)

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in